## പതിമൂന്നാം കേരള നിയമസഭ
## പതിമൂന്നാം സമ്മേളനം

| | |
|---|---|
| നക്ഷത്ര ചിഹ്നമിടാത്ത<br>ചോദ്യം നമ്പർ - 1336 | 12.03.2015-ൽ<br>മറുപടിയ്ക്ക് |

### കോതമംഗലം - കോഴിപ്പള്ളി ബൈപ്പാസ് റോഡിന്റെ നിർമ്മാണം

| ചോദ്യം<br>ശ്രീ.റ്റി.യു. കുരുവിള | ഉത്തരം<br>ശ്രീ. വി.കെ. ഇബ്രാഹിം കുഞ്ഞ്<br>(പൊതുമരാമത്തുവകുപ്പ് മന്ത്രി) |
|---|---|
| (എ) കോതമംഗലം - കോഴിപ്പള്ളി ബൈപ്പാസ് റോഡിന്റെ നിർമ്മാണം പൂർത്തിയാക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചു വരുന്നതെന്ന് വ്യക്തമാക്കുമോ; | (എ) കോതമംഗലം - കോഴിപ്പള്ളി ബൈപ്പാസ് റോഡിന്റെ നിർമ്മാണത്തിന് ആവശ്യമായ സ്ഥലം ഏറ്റെടുക്കുന്നതിനുള്ള നടപടികൾ പൂർത്തീകരിച്ചു വരുന്നു. ഈ റോഡിന്റെ നിർമ്മാണത്തിനായി 2.50 കോടി രൂപ അനുവദിച്ചിട്ടുണ്ട്. |
| (ബി) റോഡിന്റെ നിർമ്മാണം സമയ ബന്ധിതമായി പൂർത്തീകരിക്കുവാൻ എന്തെല്ലാം പുതിയ നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ; | (ബി) റോഡിന്റെ നിർമ്മാണം പൂർത്തീകരിക്കുന്നതിന് 4(I) നോട്ടിഫിക്കേഷൻ ഡിനോവ ആയ സാഹചര്യത്തിൽ നെഗോഷ്യബിൾ പർച്ചേസ് ആക്ട് പ്രകാരം സ്ഥലം ഏറ്റെടുക്കുന്നതിനു നടപടി സ്വീകരിച്ചു വരുന്നു. |
| (സി) ഇത്തരം പദ്ധതികളുടെ പൂർത്തീകരണത്തിന് തടസ്സം നിൽക്കുന്ന ഉദ്യോഗസ്ഥർക്കെതിരെ മാതൃകാപരമായ ശിക്ഷാനടപടികൾ സ്വീകരിക്കുമോ? | (സി) പദ്ധതികളുടെ പൂർത്തീകരണത്തിന് യാതൊരു വിധ തടസ്സങ്ങളും പൊതുമരാമത്തു വകുപ്പ് ഉദ്യോഗസ്ഥരിൽ നിന്നും ഉണ്ടായതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |

സെക്ഷൻ ഓഫീസർ